**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4776** | **26.06.2019-ൽ മറുപടിയ്ക്ക്** |
|---|---|

**വിധവാ പെൻഷൻ. അവിവാഹിതപ്പെൻഷൻ എന്നിവ ലഭിക്കുന്നതിന് ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | വിധവാ പെൻഷനും അവിവാഹിത പെൻഷനും ലഭിക്കുന്നതിന് ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണ് കാരണം; വിശദാംശം ലഭ്യമാക്കുമോ; | (എ) & (ബി) | കേരളത്തിൽ നിലവിൽ പതിമൂന്ന് ലക്ഷത്തിലധികം പേർ വിധവാ പെൻഷൻ വാങ്ങിവരുന്നുണ്ട്. വിധവാ പെൻഷൻ / അവിവാഹിത പെൻഷൻ ഗുണഭോക്താക്കൾ പുനർ വിവാഹം ചെയ്ത ശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിവരുന്ന പ്രവണത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. കഴിഞ്ഞ കാലങ്ങളിൽ വിധവാ / അവിവാഹിത പെൻഷൻ ഗുണഭോക്താക്കളിൽ ആകെ മൂവായിരത്തിലധികം പേർ മാത്രമാണ് പുനർ വിവാഹം ചെയ്തു എന്ന് കണ്ടെത്തിയതിനെ തുടർന്ന് നാളിതുവരെ സസ്പെന്റ് ചെയ്യപ്പെട്ടത്. വിധവാ പെൻഷൻ ഗുണഭോക്താക്കളുടെ കാര്യത്തിൽ വ്യക്തമായ പരിശോധന നടക്കുന്നില്ല എന്നും സത്യസന്ധമായ സാക്ഷ്യപത്രം സമർപ്പിക്കുന്നില്ല എന്നുള്ളതിനാലും സമൂഹത്തിലെ താഴെ തട്ടിൽ ജീവിക്കുന്നവരെ ഉദ്ദേശിച്ച് നടപ്പിലാക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹമായി വാങ്ങുന്നത് തടയേണ്ടത് അത്യാവശ്യമാണ്. അതിനാൽ അവിവാഹിത / വിധവാ പെൻഷൻ വാങ്ങുന്നവർ ആയത് തുടർന്നും ലഭിക്കുന്നതിലേക്ക് അവർ വിവാഹിതരല്ല / പുനർ വിവാഹിതരല്ല എന്ന് ഒരു ഗസറ്റഡ് ഓഫീസർ നൽകിയ സാക്ഷ്യപത്രം എല്ലാ വർഷവും ഡിസംബർ മാസം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ ലഭ്യമാക്കണമെന്ന് 31.01.2019 ലെ സ.ഉ. (എം.എസ്.) നം. 59/2019/ധന പ്രകാരം ഉത്തരവായത്. എന്നാൽ ഇത് സംബന്ധിച്ച് സർക്കാരിൽ ലഭിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഗസറ്റഡ് ഓഫീസറുടേയോ വില്ലേജ് ഓഫീസറുടേയോ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിലേക്ക് അനുമതി നൽകി കൊണ്ട് 15.02.2019 ലെ സ.ഉ.(എം.എസ്.) നം. 88/2019/ധന നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പെൻഷൻ അനുവദിക്കുന്നതിലേക്ക് ഇത്തരത്തിലുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതില്ല. |
| (ബി) | പുനർ വിവാഹം ചെയ്തിട്ടില്ലെന്നും വിവാഹിതരല്ലെന്നും സാക്ഷ്യപ്പെടുത്തി സാക്ഷ്യപത്രം നൽകുന്നതിന് ഗസറ്റഡ് ഓഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ വിശദാംശം ലഭ്യമാക്കുമോ; | | |

| | | | |
|---|---|---|---|
| (സി) | ആവശ്യമായ അന്വേഷണം നടത്തി മാത്രം നൽകാൻ കഴിയുന്ന ഇത്തരം സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് ഔദ്യോഗികമായി അന്വേഷണ സ്വഭാവമില്ലാത്ത ജോലികൾ ചെയ്യുന്ന ഗസറ്റഡ് ഉദ്യോഗസ്ഥർക്ക് പ്രയാസം നേരിടുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ,എങ്കിൽ ഇത് ഉദ്യോഗസ്ഥർക്ക് സമ്മർദ്ദം സൃഷ്ടിക്കുന്നുവെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) & (ഡി) | വിധവാ പെൻഷൻ/അവിവാഹിത പെൻഷൻ ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാകരുത് എന്ന നിഷ്കർഷയുടെ ഭാഗമായാണ് ഗസറ്റഡ് ഓഫീസർമാരേയും ഇത്തരത്തിൽ സർട്ടിഫിക്കറ്റ് നൽകുന്നതിലേക്ക് ചുമതലപ്പെടുത്തി ഉത്തരവായത്. ഇത്തരത്തിൽ സർക്കാർ ധനം അനർഹർ കൈപറ്റുന്നത് തടയാൻ പൊതു സേവകർ ബാധ്യസ്ഥരാണ്. പെൻഷൻ ഗുണഭോക്താവിന്റെ പ്രദേശത്ത് തന്നെയുളള ഗസറ്റഡ് ഓഫീസർക്ക് അപേക്ഷക വിവാഹം / പുനർവിവാഹം ചെയ്തിട്ടില്ല എന്ന വിവരം ലഭിക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകാൻ ഇടയില്ല. വ്യക്തമായി അറിയാത്ത ഗുണഭോക്താക്കൾക്ക് ഗസ്റ്റഡ് ഓഫീസർ സർട്ടിഫിക്കറ്റ് നൽകാൻ ബാധ്യസ്ഥനുമല്ല. ഗസറ്റഡ് ഓഫീസറുടെ സർട്ടിഫിക്കറ്റ് ലഭിക്കാത്തവർക്ക് വില്ലേജ് ഓഫീസറെ സമീപിച്ച് സർട്ടിഫിക്കറ്റ് ലഭ്യമാക്കാവുന്നതാണ്. |
| (ഡി) | പല ഗസറ്റഡ് ഓഫീസർമാരും ഇത്തരം സാക്ഷ്യപത്രം നൽകുന്നതിന് വിമുഖത കാണിക്കുന്നത് - മൂലം പെൻഷൻ ഗുണഭോക്താക്കൾക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | |

Remeela

സെക്ഷൻ ഓഫീസർ